പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4641 29.6.2012-ൽ മറുപടിയ്ക്ക്

## സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന പഴവർഗ്ഗങ്ങൾ

### ചോദ്യം

**ശ്രീ. എം. എ. വാഹീദ് :**
**,, എം. പി. വിൻസെന്റ് :**
**,, പി. സി. വിഷ്ണുനാഥ് :**

(എ) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന പഴവർഗ്ഗങ്ങൾ വിദേശത്ത് കയറ്റി അയക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ട് ;

(ബി) പഴവർഗ്ഗങ്ങൾ സൂക്ഷിക്കുന്നതിന് ഗോഡൗണുകളും കോൾഡ് സ്റ്റോറേജുകളും പണിയുന്നകാര്യം ആലോചിക്കുമോ ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു ?

### മറുപടി

**ശ്രീ . കെ.പി.മോഹനൻ**
**(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി)**

(എ) സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ 13.34 കോടി രൂപ സാമ്പത്തിക സഹായം നൽകി കൊച്ചി അന്തരാഷ്ട്ര വിമാനത്താവളത്തിൽ (CIAL) സ്ഥാപിച്ച സെന്റർ ഫോർ പെരിഷബിൾ കാർഗോ ( CPC) മുഖേന സംസ്ഥാനത്ത് ഉൽപാദിപ്പിക്കുന്ന പഴവർഗ്ഗങ്ങൾ വിദേശത്തേയ്ക്ക് കയറ്റി അയക്കുന്നുണ്ട്.

(ബി) & (സി) ദേശീയ ഹോർട്ടികൾച്ചർ മിഷൻ പദ്ധതി. പ്രകാരം പഴവർഗ്ഗങ്ങൾ സൂക്ഷിക്കുന്നതിന് ഗോഡൗണുകളും കോൾഡ് സ്റ്റോറേജുകളും സ്ഥാപിക്കുന്നതിന് വ്യവസ്ഥയുണ്ട്. ഇതിനുള്ള പ്രൊപോസൽ ലഭിക്കുന്ന മുറയ്ക്ക് ദേശീയ ഹോർട്ടികൾച്ചർ മിഷനിൽ അനുമതിയ്ക്കായി സമർപ്പിച്ച് അനുമതി ലഭിയ്ക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതാണ്.

സെക്ഷൻ ഓഫീസർ